# അദ്ധ്യാത്മരാമായണത്തിന്റെ കാലികപ്രസക്തി തിരിച്ചറിയണം

ഹൈന്ദവരുടെ ആദ്ധ്യാത്മികബോധത്തിന്റെ പൂർണ്ണ സ്വരൂപമാണ് തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട്. ഭക്തഹൃദയത്തെ ഇത്രമാത്രം സ്വാധീനിച്ച മറ്റൊരു ഗ്രന്ഥവും വേറെ ഇല്ല എന്നുതന്നെ പറയാം. നിത്യപാരായണത്തിനുള്ളതായിരുന്നു രാമായണം. ഹൈന്ദവനെ സംബന്ധിച്ചിടത്തോളം അവന്റെ ആദ്ധ്യാത്മികവും ലൗകികവുമായ ജീവിതത്തിന് മാർഗ്ഗദർശനം നല്കിയിരുന്നത് രാമായണമായിരുന്നു. രാമായണകഥാപാത്രങ്ങളെ മാതൃകയാക്കി ജീവിതം ചിട്ടപ്പെടുത്താനുള്ള പരിശീലനമാണ് അവന് ലഭിച്ചിരുന്നത്. എഴുത്തും വായനയും അറിയാത്തവർപോലും രാമകഥ പറഞ്ഞുകേട്ടിരുന്നു. കേട്ട കഥകൾ പാടിപ്പുകഴ്ത്തിയിരുന്നു.

നായർസമുദായത്തെ സംബന്ധിച്ചിടത്തോളം രാജ്യസംരക്ഷണം, കൃഷി, എഴുത്തുകളരികളുടെ നടത്തിപ്പ് - ഇത് മൂന്നുമായിരുന്നു കർമ്മമാർഗ്ഗം. എഴുത്തുകളരികൾ നടത്തിയിരുന്നവർ ഗ്രന്ഥപ്പുര സൂക്ഷിക്കുന്നതിനും പ്രത്യേകം ശ്രദ്ധവച്ചിരുന്നു. സമൂഹത്തിലെ തൊണ്ണൂറുശതമാനം പേരും അക്ഷരഹീനരായി കഴിഞ്ഞ കാലഘട്ടത്തിലും നായർസമുദായാംഗങ്ങളിൽ ബഹുഭൂരിപക്ഷവും അക്ഷരജ്ഞാനം നേടിയിരുന്നു. എഴുത്തച്ഛൻ മലയാളിക്കു വരദാനമായി നല്കിയ നിധിശേഖരത്തിന്റെ സൂക്ഷിപ്പുകാരും നായർതറവാടുകളിലെ കാരണവന്മാർതന്നെ ആയിരുന്നു. കടലാസും അച്ചടിയും പ്രചാരത്തിൽ വരാതിരുന്ന കാലത്ത് താളിയോലകളിൽ രാമായണത്തിന്റെ പുതിയ പകർപ്പ് തയാറാക്കാൻ അവർ ശ്രദ്ധിച്ചിരുന്നു.

രാമായണോപാസനയിൽനിന്നും ചൈതന്യം ലഭിച്ചിരുന്നതിനാൽ എഴുത്തച്ഛനെ സ്വന്തം തറവാട്ടു കാരണവരായിട്ടാണ് നായർസമുദായാംഗങ്ങൾ കരുതിയിരുന്നത്.

താളിയോലകളുടെ കാലം കഴിഞ്ഞ് കടലാസിന്റെയും അച്ചടിയുടെയും കാലം ആയപ്പോൾ പുസ്തകപ്രസാധകരും രംഗത്തുവന്നു. അവർ രാമായണത്തിന്റെ ലക്ഷക്കണക്കിനു പ്രതികൾ അച്ചടിച്ചുപ്രസിദ്ധീകരിച്ചതോടുകൂടി വളരെ കുറച്ചു കുടുംബങ്ങളിൽമാത്രം ഉണ്ടായിരുന്ന രാമായണഗ്രന്ഥം മിക്കവാറും കുടുംബങ്ങളിൽ എത്തിച്ചേർന്നു. നാൾക്കുനാൾ ഇതിന്റെ പ്രസക്തി വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് നായർ സർവീസ് സൊസൈറ്റിയുടേതായി ഒരു രാമായണം പ്രസിദ്ധീകരിക്കണമെന്ന ആലോചനയുണ്ടായതും അതിനുവേണ്ടിയുള്ള ശ്രമം ആരംഭിച്ചതും. മന്ത്രവിശുദ്ധിയോടുകൂടി ഉപാസിക്കുന്ന രാമായണത്തിന്റെ അർത്ഥംകൂടി ഗ്രഹിക്കാൻ കഴിയുംവണ്ണം ലളിതമായ വ്യാഖ്യാനംകൂടി പാഠത്തിനോടൊപ്പം ചേർത്തിട്ടുണ്ട്. സർവീസ് ദ്വൈവാരികയുടെ എഡിറ്ററായ പ്രൊഫ. എസ്. നാരായണൻനായരാണ് വ്യാഖ്യാനം തയാറാക്കിയിട്ടുള്ളത്.

ഈ മഹദ്ഗ്രന്ഥത്തിന് പണ്ഡിതോചിതമായ അവതാരിക എഴുതിയിട്ടുള്ളത് ശ്രീ. സി. രാധാകൃഷ്ണനാണ്. ഒരായുഷ്ക്കാലം മുഴുവൻ എഴുത്തച്ഛന്റെ വ്യക്തിജീവിതത്തെക്കുറിച്ചും കാവ്യജീവിതത്തെക്കുറിച്ചും ഗവേഷണം നടത്തിയിട്ടുള്ള ആളാണ് സി. രാധാകൃഷ്ണൻ. എഴുത്തച്ഛൻ താമസിച്ചിരുന്ന തറവാടുകളിലും ദേശങ്ങളിലും എത്തിച്ചേർന്നും അദ്ദേഹത്തിന്റെ സഞ്ചാരവഴികളിലൂടെ യാത്രചെയ്തും നിരവധി ഗ്രന്ഥപ്പുരകൾ പരിശോധിച്ചുമാണ് അദ്ദേഹം 'തീക്കടൽ കടഞ്ഞ് തിരുമധുരം' മലയാളസഹൃദയലോകത്തിന് കാഴ്ചവെച്ചിട്ടുള്ളത്. ഇന്നു ജീവിച്ചിരിക്കുന്നവരിൽ എഴുത്തച്ഛനെക്കുറിച്ച് അറിയാവുന്നവരിൽ ഒന്നാമനാണ് സി. രാധാകൃഷ്ണൻ. അദ്ദേഹത്തിന് എഴുത്തച്ഛൻപുരസ്കാരം ലഭിച്ചത് അദ്ദേഹം സമകാലിക മലയാളസാഹിത്യത്തിലെ 'എഴുത്തച്ഛൻ' ആയതുകൊണ്ടുകൂടിയാണ്.

നായർ സർവീസ് സൊസൈറ്റിയുടെ ഒരു പുതിയ സംരംഭം എന്ന നിലയിൽ, തുഞ്ചത്തെഴുത്തച്ഛന്റെ 'അദ്ധ്യാത്മരാമായണം കിളിപ്പാട്ട്' വ്യാഖ്യാനസഹിതം തയ്യാറാക്കി, ആ മഹദ്ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം നിർവഹിക്കാൻ കഴിഞ്ഞു എന്നതിൽ അതിയായ സന്തോഷമുണ്ട്.